നമ്പർ:എഫ്2/ 3514/2020

ക്ഷീരവികസനവകുപ്പ് ഡയറക്ടറേറ്റ്

പട്ടം, തിരുവനന്തപുരം – 695004

ഫോൺ2445749 :, 2445799

ഇ-മെയിൽ: dddtvm@gmail.com

തീയതി : 16/03/2020.

വിഷയം:– ക്ഷീരവികസന വകുപ്പ് -കൊറോണ വൈറസ് – ഫലപ്രദമായി നേരിടുന്നതിന് വകുപ്പ് ഉദ്യോഗസ്ഥർ ,ക്ഷീരസംഘങ്ങൾ ,ക്ഷീരകർഷകർ എന്നിവർക്കുള്ള മാർഗ്ഗനിർദ്ദേശങ്ങൾനൽകുന്നത് -സംബന്ധിച്ച്.

**<u>സർക്കുലർ 11/2000</u>**

ലോകത്ത് വ്യാപകമായി പടർന്നു പിടിച്ചുകൊണ്ടിരിക്കുന്ന കൊറോണ വൈറസ് ബാധ കേരളത്തിലും 16/03/2020 വരെ 24 പേർക്ക് രോഗം സ്ഥിതികരിച്ചതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട് .പത്തനംതിട്ട ,എറണാകുളം, തിരുവനന്തപുരം, കോട്ടയം, തൃശ്ശൂർ തുടങ്ങിയ ജില്ലകളിലാണ് രോഗം സ്ഥിരീകരിച്ചിട്ടുള്ളത് .സംസ്ഥാനത്തിന്റെ പല ഭാഗങ്ങളിലായി ധാരാളം പേർ നിരീക്ഷണത്തിലാണ് .രോഗം ഏറ്റവും കൂടുതലായി കണ്ടെത്തിയിട്ടുള്ള രാജ്യങ്ങളിൽനിന്നും എത്തുന്ന സഞ്ചാരികൾകർശനമായ പരിശോധനകൾക്ക് വിധേയമാക്കുന്നുണ്ട് .കോവിഡ് 19നിയന്ത്രിക്കുന്നതിന് സംസ്ഥാന സർക്കാർ അതീവ ജാഗ്രത പുലർത്തി വരുന്നു. എല്ലാ ജില്ലകളിലും ചികിത്സാ സൗകര്യങ്ങൾസർക്കാർ ഒരുക്കിയിട്ടുണ്ട്.

**<u>രോഗലക്ഷണങ്ങൾ</u>**:– പനി,തലവേദന,തൊണ്ടവേദന ,ചുമ ,വിറയൽ ,ശ്വാസതടസ്സം , വേഗമേറിയ ഹൃദയമിടിപ്പ്,ന്യുമോണിയ ,വൃക്ക തകരാർ തുടങ്ങിയവയാണ് രോഗ ലക്ഷണങ്ങൾ.

**<u>പകരുന്നവിധം</u>**:– ശ്വാസകോശ ദ്രവങ്ങളിലൂടെയാണ് കോവിഡ് 19 പകരുന്നത് . രോഗം ബാധിച്ചയാൾമൂക്കും വായും മറയ്ക്കാതെ തുമ്മുകയോ,ചുമയ്ക്കുമോ ചെയ്യുന്നത് രോഗം പകരാൻ കാരണമാകും ,കൂടാതെ രോഗിയുമായുള്ള സമ്പർക്കം ,ഹസ്തദാനം തുടങ്ങിയവയിലൂടെ രോഗാണുക്കൾപകരാം .ഇതിനുപുറമേ വൈറസിന്റെ സാന്നിധ്യത്തിലുള്ള വസ്തുങ്ങൾ ,പാത്രങ്ങൾ ,വസ്തുക്കൾഎന്നിവയിൽസ്പർശിക്കുന്നതും രോഗിയുടെ മലവുമായി സമ്പർക്കമുണ്ടാകുന്നതും രോഗം പകരാൻ ഇടയാകും.

**ചികിത്സ:-** മറ്റ് വൈറസ് അണുബാധ പോലെ തന്നെ കൊറോണ വൈറസിനും പ്രത്യേകമായി മരുന്നു കണ്ട് പിടിക്കപ്പെട്ടിട്ടില്ല .രോഗ ലക്ഷണങ്ങൾക്കനുസൃതമായ ചികിത്സയാണ് നൽകി വരുന്നത് .രോഗികൾപൂർണ്ണവിശ്രമം ഉറപ്പ് വരുത്തേണ്ടതാണ് . രോഗലക്ഷണങ്ങൾകാണുന്ന പക്ഷം ഉടൻ ചികിത്സ തേടണ്ടതാണ് .

**പൊതുനിർദ്ദേശങ്ങൾ:-** ചൈന ,ഇറ്റലി ,ഇറാൻ ,ഹോങ്കോങ്ങ് ,തായ്‌ലന്റ് ,സിംഗപ്പൂർ , ജപ്പാൻ ,ദക്ഷിണകൊറിയ ,വിയറ്റ്നാം ,നേപ്പാൾ ,ഇന്ത്യോനേഷ്യ ,മലേഷ്യ തുടങ്ങിയ “High Risk” രാജ്യങ്ങളിൽനിന്നും വരുന്നവർ എയർപോർട്ടിൽവിവരം അറിയിക്കുകയും കർശനമായ പരിശോധനകൾക്ക് വിധേയമാക്കുകയും വേണം .കൂടാതെ ആരോഗ്യവകുപ്പിനും വിവരം നൽകണം.

- മേല്പറഞ്ഞ രാജ്യങ്ങളിൽനിന്നും വന്നവരെ സംബന്ധിച്ച വിവരങ്ങൾഅറിയുമെങ്കിൽടി വിവരം ആരോഗ്യവകുപ്പിനെ അറിയിക്കുക.
- രോഗലക്ഷണങ്ങൾകാണുന്നപക്ഷം അടുത്തുള്ള അടുത്തുള്ള സർക്കാർ ആശുപത്രിയുമായി ബന്ധപ്പെടുക അതോടൊപ്പം തന്നെ തിരുവനന്തപുരം കൺട്രോൾറൂമുമായി ബന്ധപ്പെടുക ഫോൺനം ,2309250 ,2552056-0471 .(2309253 ,2309251 ജില്ലാതല നോഡൽഓഫീസർമാരുടെ വിവരങ്ങൾച്ചുവടെ ചേർക്കുന്നു)

| Hospitals | Nodal MO. Name & Mob | | MCH Hospital | Nodal M.O Name & Mob | |
|---|---|---|---|---|---|
| G.H.Trivandrum | Dr.P.B.Meenakumari | 9446705590 | MCH. Trivandrum | Dr. Aravind.R | 9447834808 |
| D.H Kollam | Dr.Anuroop | 7358645451 | GMC Paripally | Dr.Zinia | 7907862136 |
| D.H. Kozhencheri PTA | Dr. Jinesh | 9496651625 | | | |
| G.H. Pathanamthitta | Dr.Ashish Mohan | 9947370079 | | | |
| D.H. Thodupuzha | De.Josemon | 9496357226 | Al.Azae MCH, Thodupuzha | Dr.Vivek | 9746686957 |
| D.H.Idukki | Dr.Deepesh | 9447169947 | | | |
| G.H. Kottayam | Dr.Sindhu G.Nair | 9447347282 | MCH, Kottayam | Dr.Sajith Kumar | 9447239277 |

| | | | | | |
|---|---|---|---|---|---|
| G.H. Alappuzha | Dr.Sreenath | 9747117055 | MCH, Alappuzha | Dr.Juby John | 9846671588 |
| D.H. Aluva | Dr.Prasanna | 9744841155 | MCH, Ernakulam | Dr.Fathahudeen | 9847278924 |
| D.H. Thrissur | Dr.Sumesh | 9895558784 | MCH Trissur | Dr. Rajesh | 9995420412 |
| D.H. Palakkad | Dr.Sona | 9446074423 | | | |
| THOH Ottapalam | Dr.Manoj | 9449657880 | | | |
| D.H. Tirur | Dr. Krishna Das | 9947424562 | MCH Manjeri | Dr.Shinas Babu | 9645289308 |
| G.G.H. Kozhikode | Dr.Michael | 9847476700 | MCH, Kozhikode | Dr.Sheela Mathew | 9447760932 |
| D.H. Manathavady | Dr.Raheem | 9496344562 | | | |
| G.H. Kalpetta | Dr.Arun. M.A | 8075377084<br>9446012129 | | | |
| D.H. Kannur | Dr.Abhilash | 9961730233 | MCH, Kannur | Dr.Jayasree | 9446420557 |
| D.H.Thalassery | Dr.Aneesh | 9447804603 | | | |
| D.H. Kanhangad | Dr.Aaratee Renjith | 9400315857 | Carewell Hospital, Kasargode | Dr. Jayadeva Kangila | 9447010565 |
| G.H. Kasargode | Dr.Aaratee Renjith | | | | |

- രോഗബാധിതർ മറ്റുള്ളവരുമായുള്ള സമ്പർക്കം കർശനമായി ഒഴിവാക്കുകയും ബാത്ത് അറ്റാച്ച്ഡ് ആയതും ,വായു സഞ്ചാരമുള്ളതുമായ മുറിയിൽതന്നെ കഴിയേണ്ടതാണ് .വൈദ്യസഹായത്തിനുവേണ്ടിമാത്രം ആവശ്യമായ മുൻകരുതലുകൾസ്വീകരിച്ച് ആരോഗ്യവകുപ്പിന്റെ അനുമതിയോടെ മാത്രമെ പുറത്തുപോകുവാൻ പാടുള്ളൂ.

- ഓരോ ജില്ലയിലും മെഡിക്കൽകോളേജ് ഉൾപ്പെടെയുള്ള രണ്ട് ആശുപത്രികൾപ്രത്യേകമായി സജ്ജമാക്കിയിട്ടുണ്ട്.

- രോഗബാധിതരുടെയും നിരീക്ഷണത്തിലുള്ളവരുടെയും പാത്രങ്ങൾ ,ബെഡ്ഷീറ്റ് , ഫർണിച്ചറുകൾ ,ബാത്ത് റൂം ,കക്കൂസ് മുതലായവ തുടങ്ങിയവ മറ്റുള്ളവരുമായി പങ്ക് വെയ്ക്കരുത് .ഇവ ബ്ലീച്ചിംഗ് ലായിനി ഉപയോഗിച്ച് വൃത്തിയാക്കുക .
- വീട്ടിലുള്ള കുടുംബാംഗങ്ങൾവേറെ മുറികളിൽമാത്രം താമസിക്കുക.
- രോഗികൾനിരീക്ഷണത്തിലുള്ളവ അണുബാധയുള്ള സ്ഥലങ്ങളിൽനിന്നും മടങ്ങി വന്നവർ എന്നിവർ ചുമയ്ക്കാനോ ,തുമ്മാനോ തോന്നിയാൽതുവാല /തോർത്ത്/ തുണികൊണ്ട് മൂക്കും വായും മറയ്ക്കണം .ഇവ അണുവിമുക്തമാക്കണം .പൊതുസ്ഥലത്ത് തുപ്പുകയോ ,മൂക്ക് ചീറ്റുകയോ ചെയ്യരുത്.
- സന്ദർശകരെ യാതൊരു കാരണവശാലും അനുവദിക്കരുത്.
- കൊറോണ അണുബാധ സ്ഥിരീകരിക്കപ്പെട്ട രാജ്യങ്ങളിൽനിന്നും കേരളത്തിലെത്തിയവർ 28ദിവസം നിർബന്ധമായും നിരീക്ഷണത്തിൽകഴിയേണ്ടതാണ്.
- രോഗബാധിതർ എത്രയും വേഗം വിദഗ്ധചികിത്സ തേടാനും ,രോഗം മറ്റുള്ളവരിലേയ്ക്ക് പകരുന്നത് തടയാനും പ്രത്യേകം ശ്രദ്ധിക്കണം.
- ആശുപത്രികൾസന്ദർശിക്കുമ്പോഴും രോഗബാധിത സ്ഥലങ്ങളിലൂടെ യാത്ര ചെയ്യുമ്പോഴും മുഖാവരണം ധരിക്കേണ്ടതാണ്.
- രോഗബാധിത പ്രദേശങ്ങളിൽആളുകൾകൂട്ടമായി ചേരുന്നത് ഒഴിവാക്കേണ്ടതാണ്.
- ക്ഷീരകർഷകർ ഉൾപ്പെടെയുള്ളവർ സോപ്പും ,വെള്ളവും ഉപയോഗിച്ച് ആരോഗ്യവകുപ്പ് നിർദ്ദേശിക്കും വിധം കൈകൾകഴുകേണ്ടതാണ്.
- ചുമയ്ക്കുമ്പോഴും ,തുപ്പുമ്പോഴും തുവാല ഉപയോഗിച്ച് മൂക്കും വായും അടച്ചു പിടിക്കുക.
- കഴുകാത്ത കൈകൾകൊണ്ട് കണ്ണ്,മൂക്ക് ,വായ് തുടങ്ങിയ ഭാഗങ്ങളിൽസ്പർശിക്കരുത്.
- അനാവശ്യമായ ആശുപത്രി സന്ദർശനങ്ങൾഒഴിവാക്കുക.
- രോഗബാധിത പ്രദേശങ്ങളിലൂടെയുള്ള യാത്രകൾഒഴിവാക്കുക.
- സത്യമല്ലാത്തതും ഭീതിപരത്തുന്നതുമായ സന്ദേശങ്ങൾപ്രചരിപ്പിക്കരുത്.

**ക്ഷീരസംഘം ജീവനക്കാർക്കും ക്ഷീരകർഷകർക്കുമുള്ള നിർദ്ദേശങ്ങൾ:-**

- പൊതുനിർദ്ദേശങ്ങൾകർശനമായി പാലിക്കുക.
- ക്ഷീരസംഘം ജീവനക്കാർ പാൽസംഭരണ വേളയിൽനിർബന്ധമായും ശാസ്ത്രീയമായി മാസ്ക് ധരിക്കുക.
- കൊറോണവൈറസ് രോഗബാധയുള്ളതും,നിരീക്ഷണത്തിലുള്ളവരുമായ ക്ഷീരോല്പാദകർ ,ജീവനക്കാർ എന്നിവർ പാലുല്പാദന സംഭരണ – വിപണന പ്രവർത്തനങ്ങളിലും ഓഫീസ് പ്രവർത്തനങ്ങളിലും ഏർപ്പെടരുത്.
- പരമാവധി ബോധവത്കരണ പ്രവർത്തനങ്ങൾസംഘടിപ്പിക്കണം .ഇതിനായി ക്ഷീരസംഘത്തിൽബോർഡുകൾസ്ഥാപിക്കാവുന്നതും ലഘുലേഖകൾവിതരണം ചെയ്യാവുന്നതുമാണ്.
- രോഗബാധയുള്ള പ്രദേശങ്ങളിൽസർക്കാർ നിർദ്ദേശിക്കപ്പെട്ട കാലയളവിൽക്ഷീരകർഷക സമ്പർക്ക പരിപാടികൾഗുണനിയന്ത്രണ ബോധവത്കരണ പരിപാടികൾപഠനയാത്രകൾ ,യോഗപൊതുയോഗങ്ങൾതുടങ്ങിയവ സംഘടിപ്പിക്കാൻ പാടുള്ളതല്ല.
- ചുമ, ജലദോഷം, പനി എന്നിവയുള്ളവർ ക്ഷീരസംഘങ്ങളും, വകുപ്പിന്റെ ഓഫീസുകളും സന്ദർശിക്കുന്നത് ഒഴിവാക്കുക.
- രോഗമുള്ള പ്രദേശങ്ങളിൽനിന്നും പശുവാങ്ങൽപോലുള്ള പ്രവർത്തനങ്ങൾഒഴിവാക്കേണ്ടതാണ്.
- രോഗബാധിത പ്രദേശങ്ങളിൽക്ഷീരസംഘം /ബി.എം .സി ഡയറി പ്ലാന്റ്/ഡയറി ഫാം സന്ദർശനം തുടങ്ങിയ പരിപാടികൾനിർദ്ദേശിക്കപ്പെട്ട കാലയളവിൽഒഴിവാക്കേണ്ടതാണ്.

**ക്ഷീരവികസന വകുപ്പ് ഉദ്യോഗസ്ഥർക്കുള്ള നിർദ്ദേശങ്ങൾ:-**

- ക്ഷീരവികസന വകുപ്പ് ഓഫീസുകളിൽക്ഷീരസംഘങ്ങൾ, ക്ഷീരകർഷകർ എന്നിവർ സന്ദർശിക്കുമ്പോൾവ്യക്തിശുചിത്വം പാലിക്കുകയും, ഓഫീസിൽപ്രവേശിക്കുമ്പോഴും, തിരികെ പോകുമ്പോഴും കൈകൾസോപ്പ് ഉപയോഗിച്ച് കഴുകുകയോ സാനിറ്റയിസർ ഉപയോഗിച്ച് അണുവിമുക്തമാക്കുകയും ചെയ്യുക.
- പൊതുനിർദ്ദേശങ്ങൾപാലിക്കേണ്ടതും ക്ഷീരസംഘങ്ങൾക്കും ക്ഷീരകർഷകർക്കും വേണ്ടിയുള്ള നിർദ്ദേശങ്ങൾപാലിക്കപ്പെടുന്നുണ്ടെന്നും ഉറപ്പുവരുത്തേണ്ടതുമാണ്.

- സർക്കാർ നിയന്ത്രണം ഏർപ്പെടുത്തിയിട്ടുള്ള പ്രദേശങ്ങളിൽവകുപ്പിന്റെ പ്രവർത്തനങ്ങൾആയിന് വിരുദ്ധമല്ലെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

- ആവശ്യമുള്ള പക്ഷം ആരോഗ്യവകുപ്പുമായി സഹകരിച്ച് പ്രതിരോധ പ്രവർത്തനങ്ങളിൽഏർപ്പെടുന്നതിന് ക്ഷീരസംഘങ്ങളുടെ സേവനം ഉപയോഗപ്പെടുത്തേണ്ടതാണ്.

- വകുപ്പിന്റെ ഓഫീസുകളിൽരോഗവുമായി ബന്ധപ്പെട്ട മുൻകരുതലുകൾസ്വീകരിക്കേണ്ടതാണ്.

- ഓഫീസും പരിസരവും വൃത്തിയും വെടിപ്പോടെയും സൂക്ഷിക്കുകയും സ്പർശിക്കേണ്ടി വരുന്ന ഫർണിച്ചറുകൾമുതലായവ ഇടവേളകളിൽഅണുവിമുക്തമാക്കുകയും ചെയ്യുക.

- ഓഫീസിനുള്ളിലേയ്ക്ക് കാറ്റും വെളിച്ചവും കടക്കുവാൻ അനുവദിക്കുക.

- ചുമ ,തുമ്മൽഎന്നീ സമയങ്ങളിൽടിഷ്യൂ പേപ്പറോ ,തുവാലയോ ഉപയോഗിച്ച് വായും മൂക്കും പൊത്തിപിടിക്കുക.

- ഇടയ്ക്കിടെ കണ്ണുകൾ ,മൂക്ക്,വായ എന്നീ ഭാഗങ്ങളിൽസ്പർശിക്കുന്നത് ഒഴിവാക്കുക.

- ചുമ ,തുമ്മൽഎന്നിവയ്ക്ക ശേഷം കൈകൾശുചിയാക്കുക.

- ഭക്ഷണത്തിൽവെറ്റമിൻ – സി ധാരാളം ഉൾപ്പെടുത്തുക.

- അസുഖം ബാധിക്കുന്ന പക്ഷം ആവശ്യമായ പരിശോധനയ്ക്ക് വിധേയമാക്കുക.
  - തെറ്റായ സന്ദേശങ്ങൾപ്രചരിപ്പിക്കാതിരിക്കുക.
  - മറ്റ് ഉദ്യോഗസ്ഥരും സുരക്ഷിതരാണെന്ന് ഉറപ്പ് വരുത്തുക.

<u>**പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ**</u>

- ഗ്രാമപഞ്ചായത്ത് മുഖേന രൂപീകരിക്കുന്ന ആരോഗ്യ വൊളന്റിയർമാരായി ക്ഷീരസംഘം ജീവനക്കാരും ഭരണസമിതി അംഗങ്ങളും തത്പരരായ കർഷകരും നിയോഗിക്കപ്പെടുന്നത് ഉചിതമായിരിക്കും.

- നിരീക്ഷണത്തിൽകഴിയുന്നതും രോഗം സ്ഥിതികരിച്ചതുമായവരിൽക്ഷീരകർഷകരുള്ള പക്ഷം പ്രസ്തുത വീടുകളിലെ പശുക്കളെ മറ്റ് കർഷകഭവനങ്ങളിലേയ്ക്ക് മാറ്റി സംരക്ഷിക്കാവുന്നതാണ്. ഈ പ്രകാരം കഴിയാത്ത പക്ഷം മേൽപറഞ്ഞ ക്ഷീരകർഷകരെ മുൻകൂട്ടി അറിയിച്ച് അവരുമായി യാതൊരുവിധ സമ്പർക്കം വരാത്ത വിധവും മാസ്ക്, ഹാൻവാഷ് തുടങ്ങിയവ ഉപയോഗിച്ചുള്ള മുൻകരുതലോട് കൂടിയും, പുല്ല്, കാലിത്തീറ്റ, വൈക്കോൽ, വെള്ളം എന്നിവ കാലികൾക്ക് നൽകുന്ന നടപടികൾസ്വീകരിക്കാവുന്നതാണ്.

- എല്ലാ ക്ഷീരസംഘം ഓഫീസുകളിലും പാൽസംഭരണ കേന്ദ്രങ്ങളിലും ഹാൻഡ് വാഷ്, സാനിറ്റയിസർ എന്നിവ നിർബന്ധമായും ലഭ്യമാക്കേണ്ടതാണ്. പാൽസംഭരണത്തിന് ഏർപ്പെട്ടിട്ടുള്ള ജീവനക്കാർ നിർബന്ധമായും മുൻകരുതൽ സ്വീകരിക്കേണ്ടതും ഓരോ പാൽസംഭരണത്തിനു ശേഷവും കൈകൾ കഴുകി വൃത്തിയാക്കേണ്ടതാണ്. നിശ്ചിത ഇടവേളകളിൽ കൈകൾസോപ്പ് ഉപയോഗിച്ച് കഴുകുകയോ സാനിറ്റയിസർ ഉപയോഗിച്ച് അണുവിമുക്തമാക്കുകയോ ചെയ്യേണ്ടതാണ്.

- ഓരോ പാൽസംഭരണ സമയത്ത് അഞ്ചിൽകൂടുതലാളുകൾകൂടി നിൽക്കുവാൻ പാടില്ലാത്തതും ഒരു മീറ്റർ അകലം പാലിക്കേണ്ടതുമാണ്.

- ക്ഷീരസംഘങ്ങളുടെ തെരെഞ്ഞെടുപ്പ് സമയം വോട്ടർമാർ കൂട്ടംകൂടാതെ വോട്ട് ചെയ്യുന്നതിനാവശ്യമായ സമയദൈർഘ്യം ഉണ്ടായിരിക്കേണ്ടതാണ്. ഇക്കാര്യത്തിൽസർക്കാർ നിർദ്ദേശങ്ങൾപാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

- രോഗലക്ഷണമുള്ളവരുടെയും, രോഗബാദ്ധ്യത പ്രദേശങ്ങളിൽനിന്നും എത്തിയവരെ സംബന്ധിച്ച വിവരങ്ങളും നിരീക്ഷണത്തിൽകഴിയുന്നവർ നിർദ്ദേശങ്ങൾലംഘിക്കുന്നപക്ഷം പ്രസ്തുത വിവരം ആരോഗ്യ അതികൃതരെ അറിയിക്കേണ്ടതാണ്.

- സ്റ്റേറ്റ് ഫോഡർഫാമിലും അഞ്ചിൽ കൂടുതൽആളുകൾക്യൂവിൽനിൽക്കാൻ പാടില്ലാത്തതും ഒരു മീറ്റർ അകലം പാലിക്കേണ്ടതും പണം സ്വീകരിക്കുന്നയാൾനിർബന്ധമായും മുൻകരുതലുകൾസ്വീകരിക്കേണ്ടതും ഓരോ പണം സ്വീകരിക്കലിനുശേഷവും കൈകൾസോപ്പ് ഉപയോഗിച്ച് കഴുകുകയോ സാനിറ്റയിസർ ഉപയോഗിച്ച് അണുവിമുക്തമാക്കുകയോ ചെയ്യേണ്ടതാണ്.

- ബ്രേക്ക് ദ ചെയിൻ സംബന്ധിച്ച അറിയിപ്പും മറ്റ് നിർദ്ദേശങ്ങളും എല്ലാ ഓഫീസുകളിലും പ്രദർശിപ്പിക്കേണ്ടതും ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തേണ്ടതുമാണ്.

- ഇത് സംബന്ധിച്ച ആരോഗ്യവകുപ്പിന്റെ വെബ് സൈറ്റിലൂടെയും സോഷ്യൽമീഡിയ മുഖേന ലഭ്യമാക്കുന്നതാണ്.

വിശ്വസ്തതയോടെ

(ഒപ്പ്)

ഡയറക്ടർ